File No.SJD-C2/127/2020-SJD

05 OCT 2020

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ റീജിയണൽ ഡയറക്ടർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന ഡോ.ഡയാന സി.ജി.യുടെ അന്യത്രസേവന കാലാവധി ഒരു വർഷം കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (സി) വകുപ്പ്

G.O.(Rt)No.416/2020/SJD തീയതി,തിരുവനന്തപുരം, 19/08/2020

പരാമർശം:- 1 സ.ഉ.(സാധാ)നം.496/2017/സാനീവ തീയതി 24/07/2017.

2 സ.ഉ.(സാധാ)നം.495/2018/സാനീവ തീയതി 20/8/2018.

3 സ.ഉ.(സാധാ)നം.405/2019/സാനീവ തീയതി 2/7/2019.

4 ആരോഗ്യവകുപ്പ ഡയറക്ടറുടെ 23/6/2020 -ലെ ഇ.എ6-32200/2020/ആവഡ. നമ്പർ കത്ത്.

5 കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 2/7/2020 ലെ എ1/6612/17/കെ.എസ്.എസ്.എം. നമ്പർ കത്ത്

ഉത്തരവ്

വൈക്കം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസറായ ഡോ.ഡയാന.സി.ജി.യെ പരാമർശം (1) പ്രകാരം കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ റീജിയണൽ ഡയറക്ടർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്ക് നിയമിച്ചിരുന്നു. തുടർന്ന് പരാമർശം (2),(3) പ്രകാരം അന്യത്രസേവന കാലാവധി ഒരോ വർഷം കൂടി ദീർഘിപ്പിച്ച നൽകിയിട്ടുണ്ട്.

2) ഡോ.ഡയാന.സി.ജി.യുടെ അന്യത്ര സേവന കാലാവധി 31.07.2020 ൽ അവസാനിക്കുന്നതിനാൽ ഒരു വർഷത്തേക്കു കൂടി സേവന കാലാവധി ദീർഘിപ്പിച്ചു നൽകണമെന്ന് ടിയാൾ അഭ്യർത്ഥിച്ചിട്ടുണ്ടെന്നും ടിയാൾ കൈകാര്യം ചെയ്തു വരുന്ന പദ്ധതികളുടെ തുടർ നടത്തിപ്പിനു തുടർന്നും ടിയാളുടെ സേവനം അത്യാവശ്യമാണെന്നും കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (5) ലെ കത്തു പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. ആരോഗ്യ വകുപ്പിൽ മെഡിക്കൽ ഓഫീസറായ ടിയാൾക്ക് കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ അന്യത്രസേവന വ്യവസ്ഥയിൽ തുടരുന്നതിനു ആരോഗ്യവകുപ്പ ഡയറക്ടർ പരാമർശം (4) പ്രകാരം നിരാക്ഷേപ പത്രവും നൽകിയിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം പരിശോധിച്ചു. റീജിയണൽ ഡയറക്ടർ തസ്തികയിൽ ടിയാളുടെ അന്യത്ര സേവന കാലാവധി 31.07.2020 -ൽ അവസാനിക്കുന്നതിനാൽ അന്യത്രസേവന കാലാവധി ദീർഘിപ്പിക്കണമെന്ന കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ അഭ്യർത്ഥന പ്രകാരം ആരോഗ്യവകുപ്പിലെ മെഡിക്കൽ ഓഫീസറും നിലവിൽ കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ റീജിയണൽ ഡയറക്ടർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്നതുമായ ഡോ.ഡയാന.സി.ജി.യുടെ അന്യത്ര സേവന കാലാവധി നിലവിലുള്ള വ്യവസ്ഥകൾക്കു വിധേയമായി 01.08.2020 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) അനുവദിയ്ക്കപ്പെട്ട അന്യത്രസേവനത്തിന്റെ കാലാവധി അവസാനിയ്ക്കുന്നതിന് മുൻപ് കാലാവധി ദീർഘിപ്പിച്ച് ബന്ധപ്പെട്ട അധികാരികളുടെ അനുമതി ലഭിയ്ക്കാത്ത പക്ഷം അനുവദനീയമായ കാലയളവ് അവസാനിയ്ക്കുന്ന ദിവസം അന്യത്ര സേവനത്തിലുള്ള ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥയെ വിടുതൽ ചെയ്യേണ്ടതാണ്. അന്യത്ര സേവന കാലാവധി അവസാനിയ്ക്കുകയും മാതൃ വകുപ്പിലേയ്ക്ക് തിരിച്ചുപോകാതിരിയ്ക്കുകയും ചെയ്താൽ ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥയ്ക്കെതിരെ അച്ചടക്ക നടപടി സ്വീകരിയ്ക്കേണ്ടതാണ്. അനുമതി ഇല്ലാതെ അന്യത്ര സേവനത്തിൽ തുടരുന്ന കാലയളവ് പെൻഷനോ ഇൻക്രിമെന്റിനോ കണക്കാക്കുന്നതല്ല. കൂടാതെ ഇൻക്രിമെന്റ് സഞ്ചിത പ്രാബല്യത്തോടെ തടയപ്പെടുകയും അന്യത്ര സേവന കാലാവധി തീരുന്ന മുറയ്ക്ക് ഉദ്യോഗസ്ഥനെ/ഉദ്യോഗസ്ഥയെ ശമ്പളവും മറ്റ് അലവൻസുകളും കൈപ്പറ്റുന്നതിൽ നിന്നും വിലക്കേണ്ടതുമാണ്. അനുമതി ഇല്ലാതെ അന്യത്ര സേവനത്തിൽ തുടരുന്ന കാലയളവ് ക്രമീകരിക്കുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SARADA DEVI.U

UNDER SECRETARY

പകർപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, പൂജപ്പുര, തിരുവനന്തപുരം.

ഡോ.ഡയാന.സി.ജി. റീജിയണൽ ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, തിരുവനന്തപുരം.
(കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖേന).

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ /ആഡിറ്റ്), കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം (പ്രസിദ്ധീകരണത്തിനായി)

കരുതൽ ശേഖരം/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ